SUNDAY 17-10-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -17/10/2021

1. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ **കേരശ്രീ, കേരസങ്കര** എന്നീ സങ്കരയിനം തെങ്ങിൻ തൈകളും **ഡബ്ല്യു.സി.ടി** (നാടൻ) തെങ്ങിൻ തൈകളും വില്പനയ്ക്ക് തയാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487–2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഹോർട്ടികോർപ്പിന്റെ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലെ സ്റ്റാളിലും തൃശൂരിലെ മെലിപ്പാടം, ചാലക്കുടി, ഗുരുവായൂർ, ജീവനി മൊബൈൽ സ്റ്റാളുകളിലും, എറണാകുളത്തെ കാക്കനാട് , മരട് എന്നീ സ്റ്റാളുകളിലും **ഒല്ലൂർ കൃഷി സമൃദ്ധി** പദ്ധതിയിലെ മുരിങ്ങയില ഉൽപ്പന്നങ്ങൾ ലഭ്യമാകും. 25 ഗ്രാം മുരിങ്ങയില പൗഡർ അൻപത് രൂപയ്ക്കും മുരിങ്ങയില 45 ഗ്രാം സൂപ്പ് മിക്സ് അറുപത് രൂപയ്ക്കും 500 ഗ്രാം മുരിങ്ങയില അരിപ്പൊടി എൺപത് രൂപയ്ക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8075204894 (കോഴിക്കോട്), 9746885823 (തൃശൂർ), 9020993282(എറണാകുളം)** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് കോഴിക്കോട് ഹോർട്ടികോർപ് റീജിയണൽ മാനേജർ അറിയിച്ചു

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ **സംയോജിത വിളവെടുപ്പാനന്തര പരിപാലനം** എന്ന ഘടകത്തിന്റെ ഭാഗമായി പായ്ക്ക്ഹൗസുകൾ, പ്രീ-കൂളിംഗ് യൂണിറ്റുകൾ, ശീതീകരണമുറി, മൊബൈൽ ശീതീകരണശാല, റീഫർ വാനുകൾ, റൈപ്പനിംഗ് ചേംബർ, പ്രോസസ്സിംഗ് യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. സംരംഭക പ്രേരിതമായ ഈ പ്രോജക്ടുകൾ വായ്പാബന്ധിതമായാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് ശേഷം മൂല്യനിർണ്ണയത്തിന് ആനുപാതികമായി സഹായധനം അനുവദിക്കുന്നതാണ്. വ്യക്തികൾ, കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റേർഡ് സൊസൈറ്റികൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ട്രസ്റ്റുകൾ,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വനിതാ കർഷക സംഘങ്ങൾ, 25 അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്ക് സഹായത്തിന് അർഹതയുണ്ടായിരിക്കും. സമതല പ്രദേശങ്ങളിലെ ധനസഹായത്തിന് പുറമേ വയനാട്, ഇടുക്കി എന്നീ മലയോരപ്രദേശങ്ങൾക്ക് 15 ശതമാനം അധിക ധനസഹായവും അനുവദിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിലെ ഇലക്ട്രാണിക് ഡേറ്റ പ്രോസസിംഗ് ഡിവിഷനിൽ പ്രോഗ്രാമർ ആയി താത്കാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് എഞ്ചിനീയറിംഗ് ( കമ്പ്യൂട്ടർ സയൻസ്/ഐ.റ്റി) ബിരുദം അഥവാ എം.സി.എ. ബിരുദം ഉണ്ടായിരിക്കണം. കോട്ടയത്തുള്ള രണ്ട് ഒഴിവുകളിലേക്കാണ് നിയമനം. അപേക്ഷകർക്ക് 2021 ജനുവരി 1-ന് 28 വയസ്സ് കഴിയുവാൻ പാടില്ല. താല്പര്യമുള്ളവർ **ഒക്ടോബർ 20=ന് രാവിലെ 10-ന്** കോട്ടയത്തുള്ള റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2301231** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"തെങ്ങു ചങ്ങാതിക്കൂട്ടം"** എന്ന വിഷയത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കായുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യത്തെ ബാച്ചിൽ 20 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം എന്ന വിഷയത്തിൽ ഈ മാസം 20, 21 (ഒക്ടോബർ 20, 21) തീയതികളിൽ നടത്തുന്നു. **വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, ഉത്തേജകൗഷധപ്രയോഗം** എന്നിവ പരിശീലനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. **പോളകരിച്ചിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ** എന്നീ രോഗങ്ങൾ നെൽപ്പാടങ്ങളിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. പോളരോഗത്തിനു പ്രതിവിധിയായി **ഹെക്സാകൊണാസോൾ** ഒരു മി.ലി ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കേണ്ടതാണ്. ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2 ശതമാനം (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളി) സ്പ്രേ ചെയ്യുക.

8. മഴയുള്ള പ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങളിൽ രണ്ടാംഘട്ട രാസവളപ്രയോഗം നടത്തുവാനുള്ള സമയമാണിത്. തെങ്ങൊന്നിന് 650 ഗ്രാം **യൂറിയ**, 1300 ഗ്രാം **റോക്ക് ഫോസ്ഫേറ്റ്,** 1300 ഗ്രാം **മ്യൂറേറ്റ് ഓഫ് പൊട്ടാഷ്** എന്ന തോതിൽ ചേർത്തുകൊടുക്കാവുന്നതാണ്. കൂടാതെ തെങ്ങിനെ വ്യാപകമായി ബാധിച്ചു വരുന്ന ചെന്നീരൊലിപ്പ് രോഗത്തിനെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. തെങ്ങിന്റെ തടിയിൽ കാണുന്ന വിള്ളലുകളിലൂടെ ചുവപ്പുകലർന്ന തവിട്ടു നിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഇത് ഉണങ്ങി കറുപ്പു നിറത്തിലെ പാടുകളായും കാണാറുണ്ട്. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ ബോർഡോ പേസ്റ്റ് പുരട്ടുക. ഒന്നു രണ്ടു ദിവസത്തിന് ശേഷം ചൂടുള്ള **കോൾട്ടാർ** പുരട്ടുക. **ഹെക്സാകൊണാസോൾ** 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിലെ മണ്ണ് കുതിരത്തക്ക വിധത്തിൽ ഒഴിക്കുക.